ഭരണഭാഷ-മാതൃഭാഷ

**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**മൃഗസംരക്ഷണ വകുപ്പ് - ഡയറക്ടറേറ്റ് - വികാസ് ഭവൻ,**

**തിരുവനന്തപുരം**

**(ഹാജർ:ഡോ.വിനുജി.ഡി.കെ. )**

**മൃഗസംരക്ഷണവകുപ്പ് ഡയറക്ടറേറ്റ്- വകുപ്പിലെ ക്ലാർക്ക്/ക്ലാർക്ക്-ടൈപ്പിസ്റ്റുമാരുടെ 31/12/2017 അടിസ്ഥാനമായുള്ള അന്തിമ മുൻഗണന പട്ടികയിൽ കൊല്ലം ജില്ലയിലെ ക്ലർക്ക് ശ്രീ. നൗഷാദ് കെ- യെ ഉൾപ്പെടുത്തി ഉത്തരവാകുന്നു.**

| | |
|---|---|
| നമ്പർ -AHD/471/2025-J1 | തീയതി:04-03-2025 |

പരാമർശം: 1) മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 05-04-2019 ലെ എഎച്ച്ഡി/ 1538/2017-ജെ 1 നമ്പർ നടപടിക്രമം

2) കൊല്ലം ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ 04/12/2024 ലെ DAHO/KLM/1784/2024-B നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) പ്രകാരം വകുപ്പിലെ ക്ലാർക്ക്/ക്ലാർക്ക്-ടൈപ്പിസ്റ്റുമാരുടെ 31/12/2017 അടിസ്ഥാനമായുള്ള അന്തിമ മുൻഗണന പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. പരാമർശം (2) പ്രകാരം തസ്തികമാറ്റ നിയമനം മുഖേന ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ. നൗഷാദ് കെ നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലെന്നും, ടിയാന് സ്ഥാനക്കയറ്റം ലഭിക്കാൻ സാധ്യതയുള്ള സാഹചര്യത്തിൽ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി നൽകുന്നതിന് കൊല്ലം ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ ശുപാർശ സഹിതം അപേക്ഷിച്ചിട്ടുണ്ട്. ടിയാൾ 14/12/2016 നാണ് ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളത്. എന്നാൽ 31/12/2017 അടിസ്ഥാനമായുള്ള ക്ലാർക്ക്/ക്ലാർക്ക്-ടൈപ്പിസ്റ്റുമാരുടെ അന്തിമ മുൻഗണനപട്ടികയിൽ ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിൽ ടിയാന്റെ സ്ഥാനം ഉൾപ്പെടുത്തിയാൽ മാത്രമെ ടിയാന് സീനിയർ ക്ലർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകാൻ കഴിയുകയുള്ളൂ.

മേൽസാഹചര്യത്തിൽ കൊല്ലം ജില്ലാ മൃഗ സംരക്ഷണ ഓഫീസറുടെ 24/11/2016 ലെ ബി-1037/2014 നമ്പർ നടപടിക്രമം പ്രകാരം തസ്തികമാറ്റ നിയമനം മുഖേന 14/12/2016 ന് ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ. നൗഷാദ്. കെ- യെ ക്ലർക്ക് തസ്തിയിലേക്കുള്ള നിയമന ഉത്തരവ് തീയതി പരിഗണിച്ച് 31/12/2017 അടിസ്ഥാനമായുള്ള ക്ലാർക്ക്/ക്ലാർക്ക്-ടൈപ്പിസ്റ്റുമാരുടെ അന്തിമ മുൻഗണനപട്ടികയിൽ 23.11.2016 ലെ ARI(3)1170/16 നമ്പർ പി എസ് സി നിയമന ശിപാർശ പ്രകാരം നിയമിതയായ ക്രമ നമ്പർ (212) അഞ്ജു ആർ ന തൊട്ടു താഴെയായും, 03.09.2011 ലെ GO(MS)216/10/AD നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 07/12/2017 ലെ K3.03/2016 എന്ന നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ നിയമിതയായ, 08.12.2016 പ്രാബല്യത്തിൽ സീനിയോറിറ്റി അനുവദിച്ചിട്ടുള്ള ക്രമ നമ്പർ (213) സുമ. ഒ- യ്ക്ക് തൊട്ടു മുന്നിലായും, (212 A) ആയി ഉൾപ്പെടുത്തി ഉത്തരവാകുന്നു.

പരാമർശം (1) നടപടിക്രമം മേൽപരാമർശിക്കുന്ന ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

Signed by
D.k.vinugi
Date: 04-03-2025 14:36:30

DR D K VINUGI (PEN 447317)

**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ(i/c)**

സ്വീകർത്താവ്

1) വകുപ്പിലെ എല്ലാ ബന്ധപ്പെട്ട ജീവനക്കാർക്കും (നിയന്ത്രണോദ്യോഗസ്ഥൻ മുഖേന)
എല്ലാ ജില്ലാമൃഗസംരക്ഷണ ഓഫീസർമാർക്കും/ഉപ കാര്യാലയ മേധാവികൾക്കും
2) ഐ.റ്റി.നോഡൽ ഓഫീസർ(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
3) കെ സൂപ്രണ്ട്/ കെ 3 സീറ്റ്( എല്ലാ ബന്ധപ്പെട്ട ജീവനക്കാരെയും രേഖാമൂലം അറിയിക്കേണ്ടതാണ്)
4) ഡയറക്ടർ ,സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവരുടെ സി എ മാർക്ക്
5)